**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 586 04.02.2020-ലെ മറുപടിയ്ക്ക്

**ആറന്മുള മണ്ഡലത്തിലെ കായിക പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് പ്രഖ്യാപിച്ചതും അനുമതി നൽകിയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) & (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കായികയുവജനകാര്യ വകുപ്പ് പ്രഖ്യാപിച്ച പദ്ധതി പത്തനംതിട്ട ജില്ലാ സ്റ്റേഡിയമായ ബ്ലസ്സൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയമാണ്. പ്രസ്തുത സ്റ്റേഡിയത്തിനായി 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പത്തനംതിട്ട ബ്ലസ്സൻ ജോർജ്ജ് സ്റ്റേഡിയത്തിന്റെ നിർമ്മാണം പത്തനംതിട്ട നഗരസഭയുടെ നിയന്ത്രണത്തിലുള്ള പത്തനംതിട്ട മുനിസിപ്പൽ ഗ്രൗണ്ടിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്. എന്നാൽ നിർദിഷ്ട സ്റ്റേഡിയത്തിന്റെ സ്ഥല ഉടമയായ പത്തനംതിട്ട നഗരസഭ കായികയുവജനകാര്യ ഡയറക്ടറുമായി അംഗീകൃത മാതൃകയിലുള്ള ധാരണാപത്രത്തിൽ ഏർപ്പെടാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ, ലഭ്യമായ ഇതര സ്ഥലത്ത് സ്റ്റേഡിയം പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു.<br>പുതുതായി ആരംഭിക്കുന്ന സ്പോർട്സ് ഡിവിഷൻ പത്തനംതിട്ട ജില്ലയിൽ ആറന്മുള നിയോജക മണ്ഡലത്തിൽ ജി.എച്ച്.എസ്.എസ് പത്തനംതിട്ടയിലാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ? | | |

**സെക്ഷൻ ഓഫീസർ**